# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.953 30/06/2015 -ൽ മറുപടിയ്ക്ക്

## പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.ലതിക | | **ശ്രീ.എ.പി. അനിൽകുമാർ,** (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും 80% സീറ്റുകൾ പട്ടിക വിഭാഗങ്ങൾക്കായി സംവരണം ചെയ്തതുമായ വയനാട്ടിലെ പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | എ) | ഉണ്ട്. കോളേജ് ഓഫ് അപ്ലൈഡ് സയൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള റിവ്യൂ കമ്മിറ്റി പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റേയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ടി സ്ഥാപനം IHRD -യുടെ കീഴിൽ 2008-ലാണ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത സ്ഥാപനത്തിൽ ബി.എസ്.സി ഇലക്ട്രോണിക്സ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളാണുള്ളത്. ടി കോഴ്സുകൾക്കെല്ലാം തന്നെ 50% എസ്.റ്റി., 30% എസ്.സി. വിഭാഗങ്ങൾക്കാണ് പ്രവേശനം നൽകുന്നത്. സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ഇല്ല. |
| ബി) | പട്ടികജാതി വിഭാഗത്തിനായി ഇത്തരത്തിൽ എന്തെങ്കിലും സംരംഭം ആരംഭിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ 70% സീറ്റുകൾ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.